प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ആഗസ്റ്റ് 16, 2019

**1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A, ഒപ്പം സെക്ഷൻ 56 പ്രകാരമുള്ള നിയന്ത്രണനിർദ്ദേശങ്ങൾ-ഗോവയിലെ, ദി മാപുസാ അർബൻ സഹകര ബാങ്ക് ഓഫ് ഗോവ ലമിറ്റഡ്-നിയന്ത്രണനിർദ്ദേശങ്ങളുടെ കാലാവധി ദീർഘിപ്പിക്കൽ**

2015 ജൂലൈ 24-ലെ ഉത്തരവിൻ പ്രകാരം, 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A, ഒപ്പം സെക്ഷൻ 56 എന്നിവപ്രകാരം, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഗോവയിലെ, ദി മാപൂസ അർബൻ സഹകരണ ബാങ്ക് ഓഫ് ഗോവ ലിമിറ്റഡിനെ തിരെ, നിയന്ത്രണനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കാലാകാലങ്ങളിൽ ഭേദഗതി വരുത്തി. ഏറ്റവും അവസാനം 2019 ഫെബ്രുവരി 15-ലെ ഉത്തരവിലൂടെ ഈ നിർദ്ദേശങ്ങൾ 2019 ആഗസ്റ്റ് 18 വരെ ദീർഘിപ്പിച്ചിരുന്നു.

പൊതുജനതാല്പര്യം മുൻനിറുത്തി, 2015 ഏപ്രിൽ 24-ന് പുറപ്പെടുവിച്ച ഈ നിർദ്ദേശങ്ങളുടെ കാലാവധി നീട്ടണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് ബോദ്ധ്യം വന്നതിനാൽ, ഗോവയിലെ ദി മാപൂസാ അർബൻ സഹകരണ ബാങ്ക് ഓഫ് ഗോവ ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്നതും, കാലാകാലങ്ങളിൽ ഭേദഗതി ചെയ്തിരുന്നതുമായ നിയന്ത്രണനിർദ്ദേശങ്ങൾ മൂന്നു മാസക്കാലത്തേക്കുകൂടി ദീർഘിപ്പിക്കുന്നു. ഇതിൻപ്രകാരം, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, 1934-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 35A, സബ് സെക്ഷൻ (1) ഒപ്പം സെക്ഷൻ 56 എന്നിവ പ്രകാരം അതിന്മേൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച്, ഗോവയിലെ ദി മാപുസാ അർബൻ സഹകരണ ബാങ്ക് ഓഫ് ഗോവ ലിമിറ്റഡിനെതിരെ 2015, ജൂലൈ 24-ന് പുറപ്പെടുവിച്ചതും, കാലാകാലങ്ങളിൽ ഭേദഗതി ചെയ്തതും, കാലാവധി ഏറ്റവും അവസാനം 2019 ആഗസ്റ്റ് 18 വരെ ദീർഘിപ്പിച്ചിരുന്നതുമായ നിയന്ത്രണനിർദ്ദേശങ്ങളുടെ സാധുത 2019 ആഗസ്റ്റ് 19 മുതൽ, 2019 നവംബർ 18 വരെ മൂന്നുമാസക്കാലത്തേക്കുകൂടി തുടർന്നും പ്രാബല്യത്തിലുണ്ടായിരിക്കുമെന്ന്, ഇതിനാൽ ഉത്തരവായിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവിന്റെ മറ്റു വ്യവസ്ഥകൾ, കാലാകാലങ്ങളിൽ വരുത്തിയ ഭേദഗതികളോടെ, മാറ്റമില്ലാതെ തുടരും.

യോഗേഷ് ദയാൽ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2019-2020/445.**